CHRISTIAN MUSICOLOGICAL SOCIETY of INDIA



CHRISTIAN
MUSICOLOGICAL

പൗരസ്ത്യസഭകളിലൊന്നായ ബൈസൻറയിൻ സഭയുടെ ദൈവാലയത്തിലെ
ബഹായുടെ മുൻവശമാണിതു്. തടികൊണ്ടുണ്ടാക്കിയ മൂന്നു വാതിലുകളുണ്ടു്.
്യത്തിലുള്ളതു്, പ്രധാന കവാടം. കാർമ്മികന്മാർ മാത്രം അതിലൂടെ പ്രവേശിക്കു
ഇരുവശത്തുള്ള വാതിലുകൾ ബൈബിൾ, കാഴ്ചവസ്തുക്കൾ ഇവകൊണ്ടുള്ള പ്ര
ിണത്തിനു് ഉപയോഗിക്കുന്നു. ഇരുവശങ്ങളായി ഈശോയുടെയും മാതാവിൻെറ
എണ്ണച്ചിത്രങ്ങളും, മുകളിൽ ഇടപ്രകയുമായി ബന്ധപ്പെട്ട വിശുദ്ധരുടെ ചിത്ര
ും കാണാവുന്നതാണു്, മദ്ബഹായുടെ (വിരിയുടെ) മുൻവശത്തുനിന്നു കൊണ്ടാ
പ്രാരംഭപ്രാർത്ഥനകൾ ചൊല്ലുക. പിന്നീടു് പ്രധാന കവാടം തുറന്നു് മദ്ബഹ
ലെ അൾത്താരയെ സമീപിച്ചു് കുർബാന തുടരുന്നു.

വാല്യം 3
ജനുവരി 1983
ലക്കം 1

# ദുക്റാന

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY of INDIA

# DUKRANA

Monthly

A Journal on Liturgy

Sponsored by the Eastern Liturgical Society

**BOARD OF EDITORS**

Chief Editor

Dr. Jacob Vellian

General Editor

S. Kurian Vempany

Managing Editor

Dr. Xavier Koodapuzha

## അടുത്തലക്കം ദുക്‌റാനയിൽ

'ദനഹാ' പൗരസ്ത്യസഭകളിൽ

റീത്തുകൾ ഒരു മനോഹരമാല്യം

ദൈവാലയ ശുശ്രൂഷികൾ വിലകുറഞ്ഞവരോ?

News Editor

Dr. Wilson Ukken

Art. Editor

Joseph Newton

Finanance Manager

Fr. X. Kochuparampil

Publisher

Fr. G. Kolath

All correspondence regarding agency and subscription:

THE CIRCULATION MANAGER

DUKRANA

*Vidyanagar, Manganam P. O., Kottayam 686 018, Kerala.*

*Phone Ktm.* 8321

CHRISTIAN MUSICOLOGICAL SOCIETY of INDIA

www.TheCMSIndia.org

# ദുക്റാന
## ആരാധന

പുസ്തകം 2 | 1983 ജനവരി | ലക്കം 1


CHRISTIAN MUSICOLOGICAL SOCIETY of INDIA

15515

## തിരുനാളുകൾ!
## തിരുനാളുകൾ!!

കൂട്ടംകൂടി നിന്നിരുന്ന കാർമ്മേഘശകലങ്ങൾ ആകാശംവിട്ടുപോയി. ഇടിമിന്നലും ഇടിമുഴക്കവും നിലച്ചു. കാലവർഷത്തിന്റെയും തുലാവർഷത്തിന്റെയും നാളുകൾ കഴിഞ്ഞു. അങ്ങനെ ആകാശത്തിന്റെ തിരുനാളാഘോഷം തീർന്നു. അതോടെ ഭൂമിയിലെ തിരുനാളുകൾ ആരംഭിച്ചുകഴിഞ്ഞു. വാദ്യോപകരണങ്ങളുടെയും കതിനാവെടികളുടെയും ശബ്ദത്താൽ മുഖരിതമായിരിക്കുന്നു കേരളഭൂമി. ആബാലവൃദ്ധം ജനങ്ങളുടെയും മനസ്സിൽ ആഹ്ളാദം പെയ്യുന്ന തിരുനാളുകളുടെ അർത്ഥവും പ്രസക്തിയുമെന്തെന്ന് നാം ഈ അവസരത്തിൽ ചിന്തിക്കേണ്ടതുണ്ട്.

ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം തിരുനാളുകൾ കേവലം അനുസ്മരണാദിനങ്ങളല്ല. സഭാസമൂഹം ക്രിസ്തുവിനോട് ചേർന്നുകൊണ്ട് സ്വർഗ്ഗീയ പിതാവിനു സ്വയം സമർപ്പിക്കുന്ന പൊതുവായ ആരാധനാദിനമാണിത്. നമ്മുടെ ആരാധനക്രമവത്സരവൃത്തത്തിനു രണ്ടു ഭാഗങ്ങളുണ്ട്, ഒന്ന് കാലാനുഗതമായ വത്സരവൃത്തവും മറ്റേതു വിശുദ്ധരുടെ




പിന്നിട്ട വർഷത്തിലെ പാളിച്ചകളും പാകപ്പിഴകളും തിരുത്തുന്നതിനു ഒരു കനകാവസരം കൂടി നമുക്കു ലഭിച്ചിരിക്കുന്നു, 1983 എന്ന പുതുവർഷം എല്ലാവർക്കും ദുക്റാനയുടെ പുതുവർഷ ഭാവുകങ്ങൾ.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



യും രക്തസാക്ഷികളുടെയും അനുസ്മരണാദിനങ്ങൾ ഉൾക്കൊള്ളുന്ന സമരണവൃത്തവും. ക്രിസ്തുനാഥന്റെ ജീവിതരഹസ്യങ്ങൾ അനുസ്മരിക്കുന്ന തിരുനാളുകൾ ചേർന്ന വത്സരവൃത്തമാണ് നമുക്കു പ്രധാനം. ക്രിസ്തു സ്വന്തം മൗതിക ശരീരത്തിൽ, രക്ഷാകരരഹസ്യങ്ങളും സംഭവങ്ങളുംവഴി പുന:രവതരിപ്പിക്കുന്ന ദൃശ്യമാണ് തിരുനാളാകുന്ന വെള്ളിത്തിരയിലൂടെ നാം കാണുന്നതു്. ആരാധനാവത്സരത്തിൽ നാം കൊണ്ടാടുന്ന തിരുനാളുകളെ സഭയിലൂടെയുള്ള ക്രിസ്തുവിന്റെ തീർത്ഥാടനത്തിന്റെ ഓരോ ഘട്ടമായിക്കാണുന്നു.

ഭൂതകാലത്തു ദൈവം ചെയ്ത രക്ഷാകര കർമ്മങ്ങൾ ആരാധനക്രമവത്സരങ്ങളിൽ പ്രതീകാത്മകമായി സാക്ഷാത്കരിക്കപ്പെടുന്നു. അതുവഴി സഭാംഗങ്ങൾക്കു ധാർമ്മികവും മതാത്മകവുമായ മനോഭാവം ഉളവാകയും ചെയ്യുന്നു. ഇതേ ചിന്താഗതി തന്നെയാണ് തിരുനാളാഘോഷങ്ങളിൽ യഹൂദന്മാരും പുലർത്തിപ്പോന്നതു്.

നമ്മുടെ തിരുനാളുകളുടെ അർത്ഥവും ചൈതന്യവും പൊതുവേ പറഞ്ഞാൽ ഇന്നു കുറെയൊക്കെ കളഞ്ഞുകുളിച്ചിരിക്കുകയാണ്! കുറച്ചു ബഹളം വയ്ക്കുക, കുറെ തിന്നുകുടിച്ചു കൂത്താടുക, കുറെ കരിമരുന്നു പ്രയോഗം നടത്തുക, ഇതിലൊക്കെ ഒതുങ്ങിപ്പോയിരിക്കുന്നു. നമ്മുടെ തിരുനാളാഘോഷങ്ങൾ!

ദൈവത്തിന്റെ നേരെയുള്ള സ്നേഹത്തിന്റെ ബാഹ്യപ്രകടനമെന്ന നിലയിലേ തിരുനാളുകൾക്കു പ്രസക്തിയുള്ളു. നമ്മുടെ തിരുനാളുകളിൽ സാമാന്യേന അഭ്യസ്തവിദ്യരും ബുദ്ധിജീവികളും നിരീക്ഷകരാണ്! തിരുനാൾ ദിവസങ്ങളിലേ ആഘോഷമായ ബലിയപ്പണവേളയിൽ ബാലികാബാലന്മാരും കുറെ ചെറുപ്പക്കാരുമൊഴിച്ചു ബാക്കിയുള്ളവർ പ്രായേണ നിശബ്ദരാണ്! അതു് കണ്ടാൽ അറിവുള്ളവർക്കു വേണ്ടാത്തതെന്തോ അവിടെ നടക്കുകയാണെന്നു തോന്നും. ഇതേവരെ ഒരു ശരിയായ ആരാധനാസമൂഹത്തെ വാർത്തെടുക്കാൻ പലയിടത്തും. കഴിഞ്ഞിട്ടില്ല. വിശുദ്ധ കുർബ്ബാന കാണാനാണ് നാം സഭാസന്താനങ്ങളെ പരിശീലിപ്പിച്ചിട്ടുള്ളു.

ചെണ്ടയും ബാൻഡുമൊക്കെയാണല്ലോ നമ്മുടെ തിരുനാൾ ആഘോഷങ്ങൾക്കു കൊഴുപ്പുകൂട്ടുന്നതു് അതാതു കാലങ്ങളിലെ പ്രസിദ്ധ സിനിമാപ്പാട്ടുകളാണ് ബാൻഡുമേളങ്ങളിൽ മുഴങ്ങിക്കേൾക്കാററുള്ളതു്, തിരുനാൾ ആരുടേതുമായിക്കൊള്ളട്ടെ. ''മാതാവിന്റെ അമലോത്ഭവതിരുനാൾ പ്രദിക്ഷണം, ജനസഹസ്രങ്ങൾ ഒഴുകി നീങ്ങുന്നു. ഉപകരണ സ്വാധീനത്തിന്റെ മധുരധ്വനി പടരുന്നു. സകല ശബ്ദത്തേയും വെല്ലുവിളിച്ചുകൊണ്ടു ബാൻഡുനാദം മുഴങ്ങുന്നു:

പാവാടവേണം— മേലാടവേണം  
പഞ്ചാരപ്പനംകിളിക്കു്..  
.... .... .... .... ....

നിക്കാഹ് പൊടിപൊടിക്കാം'' എന്ന ഗാനം മുഴക്കിക്കൊണ്ടു ബാൻഡുസെററുകാർ തിരുനാൾ പൊടിപൊടിക്കുകയാണ്, ആ ഗാ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY of INDIA

# ഇതളുകളിൽ


തിരുനാം ആഘോഷം 5

ഡോ. ജോർജ്ജ് വാവനിക്കുന്നേൽ

അഗ്നി ആരാധ്യദേവത. 13

ജോർജ്ജ് കടിലിൽ

ദനഹാ തിരുനാളിന്റെ സന്ദേശം. 18

ഡോ. വർഗീസ് പാത്തികുളങ്ങര

ഉജ്ജൈനിലെ വിവാഹം. 21

ബൈബിൾ പശ്ചാത്തലത്തിൽ വിരിഞ്ഞ സീറോ മലബാർ കുർബാന. 22

ഡോ. ജെ വെള്ളിയാൻ

നിന്റെ നാമം, നിന്റെ രാജ്യം, നിന്റെ ഇഷ്ടം 27

ഡോ. മാത്യു വെള്ളാനിക്കൽ

സായംകാലപ്രാർത്ഥന 30

അമേരിക്കൻ ഐക്യനാടുകൾക്ക് ഒരു വിശുദ്ധ 35

വാർത്ത 36

കൊന്തനമസ്കാരത്തിനുതകുന്ന ബൈബിൾ ഭാഗങ്ങൾ 40


www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
REG. NO. 118/IV/2016

For further information regarding this text Please contact:

*info@thecmsindia.org*
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- DIRECTORY OF CHRISTIAN SONGS
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART